ISSN-2455-0736(Print)
ISSN-2456-4052(Online)

# Power and Personal life in the Novel 'Yantram'

**Renjith V**

Research Scholar, Department of Malayalam, Central University, Kazargodu

**KEY WORDS:**

Power, state, Ideology, Ideological state apparatuses
അധികാരം, ഭരണകൂടം,
പ്രത്യശാസ്ത്രം,
ഭരണകൂടത്തിന്റെ മർദ്ദനോപാധികൾ

**ABSTRACT**

It can be seen that power and one's personal life are always connected. Since the beginning of man's existence, he has been subservient to those who are more capable than him and occupy positions of authority. In the new era, we see many individuals who have to live within the system of systematic governance. Individuals who become part of the power system go through many conflicts within their professional and personal lives. The novel Malayatur's Yantram unravels the back story of the regime. This thesis crosschecks the relationship between power and the individual from the perspective of a machine.

# അധികാരവും വ്യക്തിജീവിതവും 'യന്ത്രം' എന്ന നോവലിൽ

**രഞ്ജിത്ത് വി**

ഗവേഷകൻ, മലയാളവിഭാഗം, കേന്ദ്രകേരള സർവകലാശാല, കാസർഗോഡ്

## 1.0 ആമുഖം

മലയാളത്തിലെ നോവലിസ്റ്റുകൾക്കിടയിൽ തികച്ചും മൗലികതയാർന്നതും വിസ്മയം ജനിപ്പിക്കുന്നതുമായ സ്ഥാനമലങ്കരിക്കുന്ന എഴുത്തുകാരനാണ് മലയാറ്റൂർ രാമകൃഷ്ണൻ. പ്രമേയപരിചരണം, കഥാപാത്രസൃഷ്ടി, കഥാപാത്ര സ്വത്വാവിഷ്ക്കാരം, സാമൂഹിക ചിത്രീകരണം എന്നിവയിൽ അദ്ദേഹം പ്രകടിപ്പിച്ച വൈഭവം ഇന്നും ആദരവും കൗതുകവും പിടിച്ചുപറ്റുന്നതാണ്. യന്ത്രം, വേരുകൾ, യക്ഷി, പൊന്നി, ആറാംവിരൽ, അമൃതംതേടി, ദ്വന്ദ്വയുദ്ധം, നെട്ടൂർമഠം, മനസ്സിലെ മാണിക്യം തുടങ്ങിയ കൃതികളിലൂടെ മലയാളിക്ക് പുത്തൻ ഭാവുകത്വം സമ്മാനിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഉള്ളടക്കത്തിലെ വൈവിധ്യം കൊണ്ടും മലയാളി വായനക്കാരന് അത്രകണ്ട് പരിചിതമല്ലാതിരുന്ന പ്രമേയത്തിന്റെ സാന്നിധ്യം കൊണ്ടും മലയാറ്റൂരിന്റെ കൃതികൾ മലയാളിയുടെ മനസ്സിൽ അതിവേഗം ഇടം നേടി. സ്വാനുഭവത്തിന്റെ തീവ്രതയിൽ നിന്നുള്ള ആവിഷ്കാരങ്ങളാണ് മലയാറ്റൂർ രചനകളിൽ അധികവും. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും ഭരണനിർവഹണപ്രക്രിയയിലെ നൂലാമാലകളെയും അദ്ദേഹം ലളിതമായ ഭാഷയിൽ സ്വന്തം കൃതികളിലൂടെ ആവിഷ്ക്കരിച്ചു. മലയാറ്റൂരിന്റെ നോവലുകളിൽ ഏറെ ജനപ്രീതി സമ്പാദിച്ച രചനയാണ് 'യന്ത്രം'. അധികാര രാഷ്ട്രീയത്തിന്റെ കാണാക്കയങ്ങളും സാധാരണക്കാരന്റെ ആവശ്യത്തേ

ISSN-2455-0736(Print)
ISSN-2456-4052(Online)

ക്കാളുപരി അധികാരവർഗ്ഗത്തിന്റെ വ്യവസ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഭരണവർഗത്തിന്റെ പ്രത്യയശാസ്ത്രങ്ങളും ഈ നോവലിൽ അനാവൃതമാകുന്നു.

ബാലചന്ദ്രൻ എന്ന യുവ ഐ.എ.എസുകാരന്റെ കഥയാണ് യന്ത്രം. നാട്ടിൻപുറത്ത് ഒരു സർക്കാർ ജീപ്പ് ഡ്രൈവറുടെ മകനായി ജനിച്ച് ബ്യൂറോക്രസിയുടെ തലപ്പത്തെത്തിനിൽക്കുന്ന ബാലൻ എന്ന ബാലചന്ദ്രൻ തന്റെ ഉദ്യോഗ ജീവിതത്തിലും വ്യക്തിജീവിതത്തിലും കടന്നുപോകുന്ന സംഘർഷഭരിതമായ അനുഭവങ്ങളിലൂടെയാണ് നോവൽ മുന്നോട്ട് പോകുന്നത്. സാധാരണക്കാരന്റെ പ്രതിനിധിയായി അധികാരത്തിന്റെ ഉന്നതപദവിയിൽ എത്തുന്ന ബാലചന്ദ്രന് ഒരിക്കൽ പോലും തന്നോട് തന്നെയോ ഭരണയന്ത്രത്തിന്റെ ആശ്രിതരായ സാധാരണ ജനങ്ങളോടോ നീതിപുലർത്താനാകുന്നില്ല. ഏതൊരു മനുഷ്യനും അധികാര സ്ഥാനങ്ങളിൽ പിടിച്ചുനിൽക്കാൻ വിട്ടുവീഴ്ചകൾ ചെയ്തേ മതിയാകൂ എന്ന പൊതുബോധത്തെ അപനിർമ്മിക്കുന്ന ജെയിംസ് എന്ന റവന്യൂ സെക്രട്ടറിയുടെ കഥ കൂടിയാണ് യന്ത്രം. മലയാറ്റൂരിന്റെ ആത്മാംശം ഉൾക്കൊള്ളുന്ന കഥാപാത്രമായിട്ടാണ് ജെയിംസ് വിലയിരുത്തപ്പെടുന്നത്.

പൗരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ട സിവിൽ സർവീസ് ഉദ്യോഗസ്ഥന്മാർ ഭരണകൂടത്തിന്റെ നിലനിൽപ്പും സ്ഥാപിത താല്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി നിതാന്ത പരിശ്രമം നടത്തുമ്പോൾ സാധാരണക്കാരായ ജനങ്ങളുടെ ജീവിതമാണ് ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വങ്ങളിൽ ബലിയാടാവേണ്ടി വരുന്നതെന്ന് നോവൽ കാണിച്ചു തരുന്നു. പണവും സ്വാധീനവും ഉള്ളവർക്ക് മാത്രമേ ഈ ലോകത്ത് നിലനിൽപ്പ് സാധ്യമാവും എന്ന സത്യം നോവലിന്റെ അന്തർധാരയായി വർത്തിക്കുന്നു. ഉന്നത ശ്രേണിയിൽ നിന്നുള്ളവർക്ക് മാത്രം പ്രാപ്യമായതാണ് സിവിൽ സർവീസ് എന്ന പൊതുബോധമാണ് നമ്മുടെ സമൂഹത്തെ കാലങ്ങളായി മുന്നോട്ടു നയിക്കുന്നത്. സാധാരണക്കാരന്റെ പ്രതിനിധികൾ അധികാരത്തിന്റെ ഇടനാഴികളിൽ സ്ഥാനമുറപ്പിച്ചാൽ ആ വ്യക്തിയെ ഭൂതകാലം നിരന്തരമായി വേട്ടയാടുമെന്ന് നോവലിലെ നിരവധി സന്ദർഭങ്ങൾ ഓർമ്മപ്പെടുത്തുന്നുണ്ട് . നാരായണൻ നായർ എന്ന സർക്കാർ ജീപ്പ് ഡ്രൈവറുടെ മകനായി ജനിച്ചു പോയതിലുള്ള അകപർഷതാബോധം ബാലചന്ദ്രൻ എന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെ ജീവിതത്തിലുടനീളം വേട്ടയാടുന്നതായി കാണാം.

സിവിൽ സർവീസ് പരിശീലന ശേഷം തിരുവനന്തപുരത്ത് തിരിച്ചെത്തുന്ന ബാലൻ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ഒരു കോൺഫറൻസിൽ പങ്കെടുക്കുന്നുണ്ട്. താൻ വന്ന വഴികളെ മറന്നുകൊണ്ട് തനിക്ക് ലഭിച്ച പദവിയിൽ ഊറ്റം കൊള്ളുന്ന ബാലചന്ദ്രനെയാണ് വായനക്കാർ കോൺഫറൻസ് മുറിയിൽ കണ്ടുമുട്ടുന്നത്. ഐ.എ.എസ്സുകാരെ കുറിച്ച് ബാലന്റെ ആത്മഗതം ഇപ്രകാരമാണ്; "ഈ ഹാളിൽ ശരറാന്തലുകളുടെ വെളിച്ചത്തിനടിയിൽ നിവർത്തിവെച്ച ഫയൽപാഡുകളുമായി ഇരിക്കുന്ന സമ്പന്നന്മാർ ജനലക്ഷങ്ങളുടെ ഭാഗധേയം നിയന്ത്രിക്കുന്നവരാണ്, മന്ത്രിമാർ സ്ഥാനമൊഴിഞ്ഞാലും അധികാരത്തിൽ തുടരുന്ന സ്ഥിരംസർവ്വീസുകാരാണ്. തരുൺബോസ് പറയുന്നത് ശരിയല്ലേ? ഐ.എ.എസുകാർ എലീറ്റാണ്....ദി ചോസണ്"[1]. ഐ.എ.എസ് എന്ന അപ്രാപ്യമായ കൊടുമുടിയിൽ കാലുകുത്താൻ സാധിച്ചത് വലിയ ഭാഗ്യമായി കരുതുകയാണ് ബാലചന്ദ്രൻ. എന്നാൽ സാമ്പത്തികമായി സുരക്ഷി

ISSN-2455-0736(Print)
ISSN-2456-4052(Online)

തത്വമോ കുടുംബമഹിമയോ പാരമ്പര്യമോ ഒന്നും കൈമുതലായി ഇല്ലാത്ത ബാലൻ തന്റെ ഔദ്യോഗിക ജീവിതത്തിലുടനീളം തഴയപ്പെടുന്ന നിരവധിയായ അനുഭവങ്ങൾ നോവലിൽ കാണാം. കേരള കലാമണ്ഡലം സന്ദർശിക്കാൻ എത്തുന്ന ഗവർണറുടെ സുരക്ഷ ചുമതലയിൽ വീഴ്ച ഉണ്ടായപ്പോൾ തെറ്റുകാരൻ അല്ലാത്ത ബാലചന്ദ്രനാണ് ബലിയാടായി ശിക്ഷിക്കപ്പെടുന്നത്. തന്റെ ഉത്തരവാദിത്വം നിറവേറ്റാതിരുന്ന എസ്.പി ജയശങ്കറാവട്ടെ പണവും സ്വാധീനവും ബന്ധങ്ങളും ദുരുപയോഗപ്പെടുത്തി രക്ഷപ്പെടുകയും ചെയ്യുന്നു. പ്ലാന്ററായ പിതാവിന്റെ പണവും വ്യക്തി ബന്ധങ്ങളും തന്റെ ഔദ്യോഗികമായ ഉയർച്ചയ്ക്ക് ജയശങ്കർ ഉപയോഗപ്പെടുത്തുന്നുണ്ട്. വ്യക്തി ബന്ധങ്ങളെക്കാൾ പണത്തിനും സ്വാർത്ഥ ലാഭത്തിനുമാണ് അയാൾ പ്രാധാന്യം നൽകുന്നത്. ഉയർന്ന വിദ്യാഭ്യാസമോ സൗന്ദര്യമോ ഇല്ലാത്ത ഗോപാലപ്പണിക്കരുടെ മകൾ ശാരദയെ അയാൾ വിവാഹം കഴിക്കുന്നത് ഗോപാലപ്പണിക്കരുടെ സമ്പാദ്യം മുന്നിൽകണ്ട് മാത്രമാണ്.

ജനാധിപത്യഭരണത്തിലെ പരമപ്രധാനമായ തെരഞ്ഞെടുപ്പുകൾ പണവും സ്വാധീനതയുമുള്ള മുതലാളിമാർ എങ്ങനെയാണ് ഹൈജാക്ക് ചെയ്യുന്നതെന്നതിന്റെ നിരവധിയായ ഉദാഹരണങ്ങൾ നോവലിൽ കണ്ടെത്താൻ സാധിക്കും. രാഷ്ട്രീയ പാരമ്പര്യമോ സംഘടനാ പ്രവർത്തനത്തിൽ മുൻപരിചയമോ ഇല്ലാത്ത അഭിഭാഷകനായ ഭാസ്കരൻ നായർ മന്ത്രി പദവിയിലേക്ക് എത്തുന്നത് വ്യവസായിയായ ഹാജിയുടെ സാമ്പത്തികമായ പിന്തുണയോടെയാണ് . ഭാസ്കരൻ നായർക്ക് തന്നെ വിജയിപ്പിച്ച ഹാജിയോട് എന്റെ മന്ത്രി ജീവിതത്തിലുടനീളം നന്ദി കാട്ടേണ്ടി വരുന്നു. ഹാജിയോട് നന്ദി കാട്ടേണ്ടി വരുമ്പോൾ സാധാരണക്കാരായ ജനങ്ങളെ തഴയേണ്ടി വരുന്നത് സ്വാഭാവികമാണ്. ഹാജിക്ക് വേണ്ടി അനങ്ങൻ പാറയിലെ നിരവധിയായ ജനങ്ങളെ കുടിയിറക്കി വിടേണ്ടിവരുന്ന നിസ്സഹായാവസ്ഥയിലേക്ക് മന്ത്രിയായ ഭാസ്കരൻ നായർ എത്തിപ്പെടുന്നത് അധികാര വർഗ്ഗത്തിന്റെമേൽ കോർപ്പറേറ്റ് മുതലാളിത്ത ശക്തികൾക്കുള്ള സ്വാധീനതയാണ് വെളിപ്പെടുത്തുന്നത്. മന്ത്രിയും കളക്ടറും സാധാരണ ജനങ്ങൾക്ക് എതിരായ നിലപാട് സ്വീകരിക്കുമ്പോൾ ആദർശ ശുദ്ധിയോടെ ജോലി നോക്കുന്ന ജെയിംസ് എന്ന റവന്യൂ സെക്രട്ടറിക്ക് തന്റെ ഉത്തരവാദിത്തങ്ങളിൽ വെള്ളം ചേർക്കാൻ സാധിക്കുന്നില്ല. "ഞാൻ തീവ്രവാദിയല്ല, പക്ഷേ, ഇന്നത്തെ സിവിൽ സർവീസ് നിഷ്പക്ഷമായിരിക്കണമെന്നാരെങ്കിലും പറഞ്ഞാൽ എനിക്ക് യോജിക്കാനാവില്ല. ദാരിദ്ര്യത്തിന്റെ മുന്നിൽ എങ്ങനെ നിഷ്പക്ഷമായിരിക്കും? ഭൂപരിഷ്കരണ പ്രശ്നത്തിന്റെ മുന്നിൽ നിഷ്പക്ഷത സാധ്യമാണോ?"[2] എന്ന ജെയിംസിന്റെ ചോദ്യം ഭരണവർഗത്തിന്റെ നൈതികരാഹിത്യത്തിനെതിരെയുള്ള ശക്തമായ താക്കീതാണ്. ആദർശശീലനായ, നിശ്ചയദാർഢ്യമുള്ള പൊതുജന സേവകനാണ് ജെയിംസ്. മകന്റെ വിട്ടുമാറാത്ത രോഗത്തിൽ നിന്നും അടിക്കടി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകളിൽ നിന്നും അതിജീവനത്തിനായി പെടാപ്പാട് പെടുമ്പോഴും സ്നേഹിച്ചു വിവാഹം കഴിച്ച ഭാര്യയുമായി അയാൾ അതെല്ലാം ധൈര്യത്തോടെ നേരിടുന്ന കാഴ്ച നോവലിൽ കാണാം. ഒരു മനുഷ്യൻ എങ്ങനെയായിരിക്കണമെന്ന് ജെയിംസിലൂടെ മലയാറ്റൂർ വായനക്കാരന് കാണിച്ചു കൊടുക്കുന്നു.

അധികാരമെന്ന ഭ്രാന്തമായ അനുഭൂതിയിൽ ലയിപ്പിക്കുന്നതിനായി എന്ത് വിട്ടുവീഴ്ചയ്ക്കും തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്മാരെ യന്ത്രം എന്ന നോവലിൽ കാണാം.

ISSN-2455-0736(Print)
ISSN-2456-4052(Online)

അധികാരത്തിൽ ഇരിക്കുമ്പോൾ മാത്രമാണ് വിലയും നിലയുമുള്ളതെന്ന് കലക്ടർ ശേഖരപിള്ള അഭിപ്രായപ്പെടുന്നുണ്ട്. "ഞാന് സർക്കാർ യന്ത്രത്തിലെ തേഞ്ഞ ഒരു ചക്രമെന്നാണ്"3 അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത്. പെൻഷൻ പറ്റിക്കഴിഞ്ഞാൽ ഇതുവരെ തന്നെ ബഹുമാനിച്ചു നിന്ന ആരും തന്നെ വകവയ്ക്കില്ലെന്ന് അദ്ദേഹം തിരിച്ചറിയുന്നുണ്ട്. ഇന്നോളം ഒന്നും സമ്പാദിച്ചിട്ടില്ലാത്ത രണ്ട് പെൺമക്കളുടെ പിതാവായ ഒരച്ഛന്റെ ആകുലതകളാണ് ശേഖരപിള്ളയുടെ പല സംഭാഷണങ്ങളിലും പ്രതിഫലിച്ചു കാണുന്നത്. അധികാരം കയ്യൊഴിയുന്നതിന് മുമ്പ് തന്നെ തന്റെ രണ്ടു പെൺമക്കളെയും സുരക്ഷിതമായ കൈകളിൽ ഏൽപ്പിച്ച് തന്റെ ഔദ്യോഗിക ഭാരത്തോടൊപ്പം തന്നെ തന്റെ പിതൃഭാരവും ഇറക്കിവെക്കാൻ ആ പിതാവ് ആഗ്രഹിക്കുന്നു. മൂത്ത പുത്രിയായ സുജാതയുടെ കാമുകനായ ശശിയുടെ മരണം തീർത്ത നിരാശാഭരിതമായ അന്തരീക്ഷത്തിൽ നിന്ന് മകളെ കരകയറ്റാനും നല്ല നിലയിൽ അവളെ കെട്ടിച്ചയക്കാനും ശേഖരപിള്ള നിരന്തരമായി ശ്രമിക്കുന്നുണ്ട്. തന്റെ കീഴിൽ ജീവനക്കാരനായി, സബ് കളക്ടറായി എത്തുന്ന ബാലചന്ദ്രനോട് ഒരു കീഴ്ജീവനക്കാരന് നൽകുന്നതിൽ കവിഞ്ഞുള്ള പരിഗണനയും സ്നേഹവും നൽകുന്നത് പ്രത്യേകമായ താല്പര്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും പുറത്താണ്.

ശേഖരപിള്ളയുടെ രണ്ടും മക്കളും ബാലചന്ദ്രനെ അഗാധമായി പ്രണയിച്ചതോടെ ഔദ്യോഗിക ജീവിതത്തിന് പുറമേ വ്യക്തിജീവിതം അയാൾ ആത്മ സംഘർഷത്തിന്റെ കൊടുമുടിയിലേക്ക് ഉയരുന്നു. കാമുകനായ ശശിയുടെ മരണത്തിൽ നിന്നും കരകയറുവാനുള്ള പിടിവള്ളിയായിട്ടാണ് ബാലചന്ദ്രനെ സുജാത കാണുന്നത്. തന്നെ ആരാണ് ആത്മാർത്ഥമായി സ്നേഹിക്കുന്നതെന്ന സന്ദേഹം ബാലചന്ദ്രനെ വേട്ടയാടുന്നതായി കാണാം. അനിതയ്ക്ക് ജയശങ്കറുമായുള്ള അടുപ്പം തിരിച്ചറിയുന്ന ബാലൻ തന്റെ ഇഷ്ടങ്ങളെ മാറ്റിവെച്ച് സുജാതയെ സ്വീകരിക്കാൻ തയ്യാറാകുന്നു. സുജാതയുമായുള്ള വിവാഹം ബാലചന്ദ്രനിൽ കൂടുതൽ അസ്വസ്ഥതകൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. സുഹൃത്തായ ജയശങ്കറിന്റെ ഭാര്യയും താൻ കയ്യൊഴിഞ്ഞ ഗോപാലപ്പണിക്കരുടെ മകളുമായ ശാരദയുമായി സുജാതയിൽ നിരന്തരമായ താരതമ്യത്തിന് ബാലചന്ദ്രൻ വിധേയമാക്കുന്നു. ഒരേസമയം സർവീസിൽ കയറിയ സഹഉദ്യോഗാർത്ഥികൾ അധികാരത്തിന്റെ ഉന്നത പദവിയിലേക്ക് നടന്നു നീങ്ങുമ്പോൾ സബ്കളക്ടർ പോസ്റ്റിൽ തന്നെ കഴിയേണ്ടിവരുന്ന ബാലന്റെ നിസ്സഹായ അവസ്ഥ വായനക്കാരന്റെ മനസ്സലിയിക്കുന്നതാണ്. സബ്കളക്ടർ ജോലിയിൽ നിന്നും സെക്രട്ടറിയേറ്റിലേക്ക് എത്തപ്പെട്ടപ്പോഴും ബാലൻ കാര്യമായ മാറ്റങ്ങൾ ഒന്നും തന്നെ സംഭവിക്കുന്നില്ല. ചീഫ് സെക്രട്ടറി ബാലനെ നേരിട്ട് ഏൽപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ട് തന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് പൂർത്തീകരിച്ചുവെങ്കിലും അതിന് അയാൾ ഉദ്ദേശിച്ച ഫലം ലഭിക്കാതെ പോകുന്നു. കമ്മിറ്റികളും കമ്മീഷനുകളും തയ്യാറാക്കുന്ന റിപ്പോർട്ടുകൾ വെറും പ്രഹസനങ്ങൾ മാത്രമാണെന്ന ഓർമ്മപ്പെടുത്തലാണ് ബാലചന്ദ്രന്റെ വർക്ക് സ്റ്റഡി റിപ്പോർട്ടിനും ഉണ്ടാകുന്നത്.

അധികാരത്തിന്റെ കൊള്ളരുതായ്മകളെയും അബദ്ധസഞ്ചാരങ്ങളെയും സംബന്ധിച്ച നിരവധിയായ കാഴ്ചകൾ നോവൽ പങ്കുവെക്കുന്നു. സർക്കാർ ഓഫീസുകളിൽ ജനങ്ങൾക്കായി സേവന തൽപരരായി ജോലി ചെയ്യേണ്ട ഉന്നത സർക്കാർ

ISSN-2455-0736(Print)
ISSN-2456-4052(Online)

ഉദ്യോഗസ്ഥന്മാരെ മാധവരാജ് ക്ലബ്ബിൽ ജോലി സമയത്ത് കാണാനാവും. ജനങ്ങളുടെ പ്രശ്നങ്ങളെക്കാൾ റമ്മികളിയിലെ വിനോദമാണ് ഇത്തരം ഉദ്യോഗസ്ഥരെ ആഹ്ലാദചിത്തരാക്കുന്നത്. പെണ്ണും പണവും എല്ലാകാലത്തും അധികാരത്തിന്റെ ദുർബലതയായി കണക്കാക്കപ്പെട്ടു പോരാറുണ്ട്. പണത്തിൽ വശംവതരാകാത്ത ഉദ്യോഗസ്ഥർ പോലും പെണ്ണിന്റെ മാതക ഭംഗിയിൽ ലയിച്ച് നീതി നിർവഹണ വ്യവസ്ഥയെ അട്ടിമറിക്കുന്ന അനുഭവങ്ങൾ എല്ലാകാലത്തും എല്ലാ നാട്ടിലും ഉണ്ടാവാറുണ്ട്. അത്തരം അനുഭവങ്ങൾ യന്ത്രവും പങ്കുവെക്കുന്നു. ചിത്രാദേവിയുടെ മായികവലയത്തിൽ അകപ്പെട്ടു പോകുന്ന കളക്ടറായ ശേഖരപിള്ളയ്ക്ക് തന്നിൽ അർപ്പിതമായ ധാർമികതയ്ക്ക് വിരുദ്ധമായ പല പ്രവർത്തികൾക്കും കൂട്ടുനിൽക്കേണ്ടി വരുന്നു. ഒടുവിൽ ചിത്രാദേവിയുടെ വസതിയിൽ നിന്നും സദാചാര വിരുദ്ധ പ്രവർത്തിക്ക് നാട്ടുകാർ ശേഖരപിള്ളയെ കയ്യേറ്റം ചെയ്യുന്നതോടുകൂടി അതുവരെ അയാൾ അർഹിച്ച സൽപേരിന് ഹാനിയുണ്ടാവുകയും ജീവിതത്തിൽ ഒരു പരിഹാസപാത്രമായി തീരുകയും ചെയ്യുന്നു.

ആദർശ ധീരനായ ഉദ്യോഗസ്ഥർ എല്ലാകാലത്തും വേട്ടയാടപ്പെട്ടിട്ടുണ്ട്. അതിനു സമാനമായി നോവലിലെ ജെയിംസും പല സമ്മർദ്ദങ്ങൾക്കും ഭീഷണികൾക്കും വിധേയമാകേണ്ടിവരുന്നു. അനങ്ങൻ പാറയിലെ കുടിയിറക്ക് വിഷയത്തിലും മന്ത്രിയായ പ്രസന്നന്റെയും വ്യവസായ വകുപ്പ് സെക്രട്ടറിയായ ജയശങ്കറിന്റെയും വഴിവിട്ട നീക്കങ്ങൾക്കെതിരെയും അന്വേഷണം നടത്തേണ്ടിവരുന്ന ജെയിംസിന്റെ റിപ്പോർട്ട് തങ്ങൾക്ക് അനുകൂലമായി പരിവർത്തനം ചെയ്യാൻ പ്രസന്നനും ജയശങ്കറിന്റെ പിതാവും നിരന്തരമായ ഇടപെടൽ നടത്തുന്നുണ്ട്. യാതൊരു സ്വാധീനതകൾക്ക് മുന്നിലും ജയിംസ് വഴങ്ങയില്ലെന്ന് തിരിച്ചറിയുമ്പോൾ അദ്ദേഹത്തിന്റെ മകന്റെ പെരുമാറ്റ ദൂഷ്യത്തെയാണ് പ്രസന്നൻ ജെയിംസിനെതിരെയുള്ള ആയുധമായി ഉപയോഗിക്കുന്നത്. " എന്നെ ബ്ലാക്ക്മെയിൽ ചെയ്യാൻ ആന്റണിയുടെ പെരുമാറ്റ ദൂഷ്യം ഉപയോഗിക്കാൻ മാത്രം അധ:പതിച്ചുവോ ഭരണ യന്ത്രം"4 എന്ന് ജെയിംസ് ചോദിക്കുന്നുണ്ട്. ഒറ്റ ഇസം മാത്രമേ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ളു അത് സർവൈവലിസമാണെന്ന് നോവൽ ഓർമ്മപ്പെടുത്തുന്നു.

ഔദ്യോഗിക ജീവിതത്തിൽ എന്നത് പോലെ വ്യക്തിജീവിതത്തിലും പരാജയപ്പെട്ട വ്യക്തിയായിട്ടാണ് നോവലിലെ നായകകഥാപാത്രമായ ബാലചന്ദ്രൻ പ്രത്യക്ഷപ്പെടുന്നത്. സ്വന്തം ഭാര്യയോട് സ്നേഹത്തോടെയും സഹാനുഭൂതിയോടും കൂടി പെരുമാറുന്നതിന് അയാൾക്ക് ഒരിക്കലും സാധിക്കുന്നില്ല. സ്വന്തം കുട്ടിയുടെ കാര്യത്തിൽ പോലും ഒരു പിതാവിന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ ബാലന് പലകാരണങ്ങൾ കൊണ്ടും സാധിക്കാതെ പോകുന്നു. ഗർഭിണിയായ സുജാതയുടെ വിരലുകൾ തടവിക്കൊണ്ട് ബാലൻ അവളോട് "എത്ര മാസമായി?"[5] എന്ന ചോദ്യം ചോദിക്കുന്നുണ്ട്. സ്വന്തം കുഞ്ഞിനെ ഉദരത്തിൽ പേറുന്ന ഭാര്യയോട് നീ ഗർഭം ധരിച്ചിട്ട് എത്ര നാളായി എന്ന് ചോദിക്കേണ്ടിവരുന്ന ഭർത്താവ് ദാമ്പത്യ ജീവിതത്തിൽ എത്രമാത്രം അലസനും ഉത്തരവാദിത്തരഹിതനുമാണെന്ന് വ്യക്തമാക്കുന്നു. സുജാത കുട്ടിയെ പ്രസവിച്ച ഘട്ടത്തിൽ പോലും കൂടെ നിന്ന് പരിചരിക്കാനോ സ്നേഹ സ്വാന്തനമായി ഒരു വാക്കു പറയാനോ അയാൾ തയ്യാറാകുന്നില്ല. എന്നാൽ എസ്.പി ജയശങ്കറിന്റെ ദാമ്പത്യ ജീവിതം ബാലനിൽ നിന്ന് നേർവിപരീതമായ രീതിയിലാണ്. പരസ്പരം സ്നേഹിച്ച്

ISSN-2455-0736(Print)
ISSN-2456-4052(Online)

സന്തോഷങ്ങളും സന്താപങ്ങളും പങ്കുവെച്ച് രണ്ട് ശരീരങ്ങളും ഒരു മനസ്സുമായി അവർ ജീവിക്കുന്നു. ഔദ്യോഗിക ജീവിതത്തോടൊപ്പം തന്നെ വ്യക്തിജീവിതത്തിലെ പരാധീനതകളും ബാലനെ ഒരുപോലെ അസ്വസ്ഥനാക്കുന്നുണ്ട്.

സർവീസ് ജീവിതം അവസാനിച്ചാലും ഏതുവിധേനയും അധികാര സ്ഥാനങ്ങളിൽ കയറിയിരിക്കാൻ ശ്രമിക്കുന്ന പ്രവണതയെ ശേഖരപിള്ളയുടെ സർവീസ് അനന്തര ജീവിതം അടയാളപ്പെടുത്തുന്നുണ്ട്. ഏതെങ്കിലും കമ്മീഷന്റെയോ കോർപ്പറേഷന്റെയോ കമ്മിറ്റികളുടെയും തലപ്പത്തിരിക്കാൻ ശേഖരപിള്ള നിരന്തരമായ ശ്രമം നടത്തുന്നുണ്ടെങ്കിലും മേലുദ്യോഗസ്ഥർക്ക് അയാളോടുള്ള അപ്രീതി അതിന് തടസ്സമായി തീരുകയാണ് ചെയ്യുന്നത്. മേലുദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും ആജ്ഞകൾ അനുവർത്തിക്കാൻ വേണ്ടി മാത്രം വിധിക്കപ്പെട്ടതാണ് സർവീസ് ജീവിതം എന്ന് തിരിച്ചറിയുന്ന ആദർശ ധീരനായ ജെയിംസ് തന്റെ സർവീസ് ജീവിതമാണ് അവസാനിപ്പിക്കാൻ നോവലിന്റെ അവസാനഭാഗത്ത് തയ്യാറാകുന്നു. ജീവിതം മുഴുവൻ രോഗിയായ മകനുവേണ്ടി ജീവിച്ച ജെയിംസ് മകന്റെ മരണത്തോടെ തന്റെ എല്ലാവിധ ഭാരങ്ങളും ഇറക്കി വയ്ക്കാൻ ശ്രമിക്കുന്നു. ഒരു സിവിൽ സർവീസ് ഉദ്യോഗസ്ഥനായി ജനക്ഷേമപരമായി ഒന്നും ചെയ്യാൻ സാധിക്കില്ല എന്ന തിരിച്ചറിവാണ് ജെയിംസിന്റെ വിടവാങ്ങിലിന് പിന്നിലുള്ളത്. ജെയിംസിന്റെ രാജി കത്ത് സ്വീകരിക്കാൻ മുഖ്യമന്ത്രി തയ്യാറാകുന്നില്ല. "ഞാനിത് സ്വീകരിക്കുന്നില്ല", "നിങ്ങളെപ്പോലുള്ള ഉദ്യോഗസ്ഥന്മാരെ നഷ്ടപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല"[6] എന്നാണ് മുഖ്യമന്ത്രി ജയിംസിന് നൽകുന്ന മറുപടി. സർക്കാരിനു വേദനയുണ്ടാക്കാത്ത റിപ്പോർട്ട് എഴുതിയതിനുള്ള പ്രത്യുപകാരമാണ് മുഖ്യമന്ത്രിയുടെ വാക്കുകളിലുള്ളതെന്ന് തിരിച്ചറിയുന്ന ജെയിംസ്, "എന്നെപ്പോലെയോ എന്നെക്കാളേറെയോ കഴിവും സേവനവ്യഗ്രതയുമുള്ള അനേകം ഉദ്യോഗസ്ഥന്മാർ ഈ യന്ത്രത്തിലുണ്ടല്ലോ... " എന്ന് മറുപടി നൽകുന്നു. യാന്ത്രികമായ ഭരണ യന്ത്രത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് മനുഷ്യത്വത്തിന്റെ തുറസ്സുകളിലേക്ക് ഇറങ്ങി നടക്കുകയാണ് ജെയിംസ് ചെയ്യുന്നത്.

മനുഷ്യ ജീവിതത്തിലുടനീളം വ്യത്യസ്തങ്ങളായ അധികാര പ്രയോഗങ്ങൾ വ്യാപിച്ചു നിൽക്കുന്നതായി കാണാം. ഭരണകൂടത്തിന്റെ പ്രത്യശാസ്ത്രങ്ങളും മർദ്ദനോപാധികളും സാധാരണ ജനങ്ങളെ വേട്ടയാടുകയും അധികാരത്തിന്റെ ഉന്നത ശ്രേണിയിരിക്കുന്നവർ പൊതുഖജനാവും പൊതുമുതലും കൊള്ളയടിക്കുകയും ചെയ്യുമ്പോൾ സാധാരണ ജനങ്ങളുടെ ജീവിതം നരക തുല്യമായി തീരുന്നു. സാധാരണക്കാരന്റെ പ്രതിനിധികൾ പോലും ഭരണ യന്ത്രത്തിന്റെ ഭാഗമാകുമ്പോൾ തങ്ങൾ നടന്നു വന്ന വഴികളെ പാടെ അവഗണിക്കുകയും സ്വാർത്ഥ താൽപര്യങ്ങൾക്ക് ഒത്താശ പാടുകയും ചെയ്യുന്നു. അധികാരം നിലനിൽക്കുന്ന എല്ലാ കാലത്തും ഭരണയന്ത്രം അധികാരത്തിന് അനുകൂലമായി മാത്രമേ നിലനിൽക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം നോവൽ ഉയർത്തിപ്പിടിക്കുന്നു.

## 1.1 കുറിപ്പുകൾ

1. മലയാറ്റൂർ രാമകൃഷ്ണൻ, യന്ത്രം, ഡിസി ബുക്സ്, 2006, പുറം. 29.

ISSN-2455-0736(Print)
ISSN-2456-4052(Online)

2. അതിൽ തന്നെ, പുറം. 28.

3. അതിൽ തന്നെ, പുറം. 66.

4. അതിൽ തന്നെ, പുറം. 580.

5. അതിൽ തന്നെ, പുറം. 358.

6. അതിൽ തന്നെ, പുറം. 586.

**1.2 സഹായകഗ്രന്ഥങ്ങൾ**

1.മലയാറ്റൂർ രാമകൃഷ്ണൻ, യന്ത്രം, ഡിസി ബുക്സ്, കോട്ടയം, 2006.